(ഡി) ഇത്തരം ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അധികാര പരിധിക്ക് പുറത്ത് നടത്തുന്ന സർവ്വകലാശാല കോഴ്സുകൾ

142 [694] ശ്രീ. ലൂഡി ലൂയിസ്:
„ ബി. വിജയകുമാർ:
„ എൻ. ശക്തൻ:
„ പി. ടി. തോമസ്:
„ എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയുടെ അധികാരപരിധി എവിടെയെല്ലാമാണ്;

(ബി) സർവ്വകലാശാലയുടെ അധികാര പരിധിക്ക് പുറത്ത് പ്രസ്തുത സർവ്വകലാശാല കോഴ്സുകൾ നടത്തിയിരുന്നോ;

(സി) എങ്കിൽ എവിടെയെല്ലാം എന്തെല്ലാം കോഴ്സുകളാണ് നടത്തിയിരുന്നത്;

(ഡി) ഈ കോഴ്സുകൾ നിർത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഈ കോഴ്സുകൾ സാമ്പത്തികമായി വിജയിച്ചിരുന്നുവോ?

ഉത്തരം

(എ) തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് (മാനന്തവാടി താലൂക്ക് ഒഴികെ) ജില്ലകൾ.

(ബി) നടത്തിയിരുന്നു.

(സി) 1. പ്രിന്റിംഗ് ടെക്നോളജിയിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ.— തിരുവനന്തപുരം, കണ്ണൂർ.

2. ബി. എസ്. സി. നഴ്സിംഗ്, ഫിസിയോ തെറാപ്പി—കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, തലശ്ശേരി.

(ഡി) പ്രിന്റിംഗ് ടെക്നോളജിയിലെ സർട്ടിഫിക്കറ്റ് കോഴ്സുകൾ നിർത്താൻ തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തികമായി ഇവ വിജയിച്ചിരുന്നു.

"എം. ജി. സർവ്വകലാശാലയിലെ താൽക്കാലിക നിയമനങ്ങൾ"

143 [695] ശ്രീ. ബി. വിജയകുമാർ:
„ എം. എ. ചന്ദ്രശേഖരൻ:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ വി. ഡി. സതീശൻ:
„ എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) എം. ജി. സർവ്വകലാശാലയിൽ താൽക്കാലിക നിയമനങ്ങൾ നടത്തുന്നത് ഹൈക്കോടതി തടഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ന്;

(സി) ഇപ്പോൾ അവിടെ താൽക്കാലികമായി നിയമിക്കപ്പെട്ട എത്ര പേർ ഉണ്ട്;

(ഡി) ഇവരിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട എത്ര പേർ ഉണ്ട്;

(ഇ) ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ ഇവരെ എപ്രകാരമാണ് നിയമിച്ചതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) എം. ജി. സർവ്വകലാശാലയിൽ വിവിധ കാറ്റഗറികളിൽ താൽക്കാലികമായി നിയമിക്കപ്പെട്ട 190 പേർ ഉള്ളതായി സർവ്വകലാശാലാ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ഡി) ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട 125 പേർ ഉള്ളതായി യൂണിവേഴ്സിറ്റി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ഇ) നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നടത്തിയിട്ടുള്ളതെന്ന് യൂണിവേഴ്സിറ്റി രജിസ്ട്രാർ അറിയിച്ചിരിക്കുന്നു.

എം. ജി. സർവ്വകലാശാലയിലെ പുതിയ നിയമനങ്ങൾ

144 [696] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ:
„ എൻ. ഡി. അപ്പച്ചൻ:
„ എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. ജി. സർവ്വകലാശാലയിൽ പുതിയ നിയമനങ്ങൾ നടത്തുന്നത് നിരോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) എന്നാണ് നിരോധനം നിലവിൽ വന്നത്;

(ഡി) അതിനുശേഷം അവിടെ പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികകൾ;

LIBRARY ARCHIVES Kerala Legislative Assembly